റൂളിംഗ്

അടുത്ത വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് ഒരു കാര്യം പറയാനുണ്ട്. ഇന്ന് പതിനൊന്ന് മണിക്ക് ശ്രീ. പാലോട് രവി അടക്കമുള്ള എം.എൽ.എ. മാർ പങ്കെടുക്കേണ്ട ഒരു മീറ്റിംഗ് നെടുമങ്ങാട് വച്ചിരിക്കുന്നു. ഇത് പാടില്ലെന്നുള്ളത് പല പ്രാവശ്യം ചെയർ റൂളിംഗ് നൽകിയിട്ടുള്ളതാണ്. അത് സഹകരണവകുപ്പുമന്ത്രി അന്വേഷിക്കുകയും യോഗം മാറ്റി വയ്ക്കുകയും വേണം. ഈ ഓർഡർ കൊടുത്ത ഉദ്യോഗസ്ഥനാരെന്ന് അന്വേഷിക്കണം. കത്ത് വന്നിരിക്കുന്നത്, സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ, തിരുവനന്തപുരം എന്നാണ്. സമ്മേളനം ഇന്ന് 11 മണിക്ക് ചേരുന്നു. ചെങ്കൽച്ചൂള ഫയർഫോഴ്സ് ഓഫീസിന് എതിർവശത്തുള്ള സഹകരണ യൂണിയൻ ഓഫീസിൽവച്ചാണ്. ചെയറിന് പറയാനേ കഴിയുകയുള്ളു. പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ എന്നിവർ ഇതിനെക്കുറിച്ച് അടിയന്തിരമായി ആലോചിക്കണം. ഇത് എപ്പോഴും പറയുന്നതിൽ ചെയറിന് തന്നെ അനൗചിത്യമായി തോന്നുകയാണ്. ഇതൊന്നും മന്ത്രി അറിയണമെന്നില്ല. ഇതൊക്കെ ഒഫീഷ്യൽസ് ചെയ്യുന്നതാണ്. അവർ ശ്രദ്ധിക്കണം. ചീഫ് സെക്രട്ടറിയുടെ ഡയറക്ടായിട്ടുള്ള ഒരു ഓർഡർ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുണ്ട്.

**ശ്രദ്ധക്ഷണിക്കൽ**

**(1) അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ വേതനം**

ശ്രീ. റ്റി.വി. രാജേഷ് : സർ, അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മതിയായ വേതനം ഉറപ്പുവരുത്തേണ്ടതിലേയ്ക്കാണ് ഈ ശ്രദ്ധക്ഷണിക്കൽ. സംസ്ഥാനത്ത് സ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി ആയിരത്തിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങളുമുണ്ട്. വിവിധ സർവ്വകലാശാലകൾ അഫിലിയേറ്റ് ചെയ്ത 208 അൺ-എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് ഭീമമായ ഫീസും പലവിധ സംഭാവനകളുമാണ് ഈ സ്ഥാപനങ്ങൾ ഈടാക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ ദയനീയവും പരിതാപകരവുമാണ്. ഇവിടെ ജോലി ചെയ്യുന്നവർക്ക് യാതൊരുവിധ സാമൂഹ്യ സുരക്ഷിതത്വമോ തൊഴിൽ സുരക്ഷിതത്വമോ ലഭിക്കുന്നില്ല. ലഭ്യമാകുന്ന ആനുകൂല്യങ്ങളിൽതന്നെ വെള്ളം ചേർക്കുകയാണ്. ഇ.എസ്.ഐ., പി.എഫ്. എന്നിവയുടെ വിഹിതം ഈ അദ്ധ്യാപകർ തന്നെയാണ് പൂർണ്ണമായും അടയ്ക്കേണ്ടി വരുന്നത്. അല്ലെങ്കിൽ ഇതിന്റെ 80 ശതമാനത്തോളം അദ്ധ്യാപകർ വഹിക്കേണ്ടുന്ന ഒരു ഗതികേടാണുള്ളത്. അദ്ധ്യാപകരിൽ ഭൂരിഭാ

ഗവും വനിതകളാണ്. വനിതാ ജീവനക്കാർക്ക് അർഹതപ്പെട്ട മെറ്റേണിറ്റി ലീവ് അനുവദിക്കുകയോ അനുവദിച്ചാൽതന്നെ ആ കാലാവധിയിലുള്ള അവരുടെ ആനുകൂല്യങ്ങൾ നൽകാതിരിക്കുകയോ നൽകുന്നതിൽതന്നെ കൃത്യമായ വെട്ടിക്കുറവ് വരുത്തുകയോ ആണ് പതിവ്. ജീവനക്കാർക്ക് അവരുടെ മൗലികമായ അവകാശങ്ങൾപ്പോലും നിഷേധിക്കപ്പെടുകയും സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം അനുവദിക്കപ്പെടാതിരിക്കുകയുമാണ്. സ്കൂൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള വിവേചനപരമായ പെരുമാറ്റവും അടിക്കടിയുള്ള ഭീഷണിയുംകൊണ്ട് അദ്ധ്യാപകർ പൊറുതിമുട്ടിയിരിക്കുകയാണ്. വനിതാ ജീവനക്കാരോട് സഭ്യമല്ലാത്ത ഭാഷയിൽ പെരുമാറുന്നതും മാനസികമായി പീഡിപ്പിക്കുന്നതും സ്കൂൾ അധികൃതരുടെ ക്രൂരവിനോദമാണ്. മാനേജ്മെന്റുകളുടെ ഈ കഴുത്തറുപ്പൻ ചൂഷണവും ധാർഷ്ട്യവും ചോദ്യം ചെയ്താൽ കടുത്ത പ്രതികാര നടപടികൾ സ്വീകരിക്കുന്ന നിലയാണുള്ളത്. ഇവരിൽതന്നെ ഭൂരിഭാഗവും പുതിയൊരു ജോലി ലഭിക്കാൻ സാധ്യതയില്ലാത്തവരും പ്രായപരിധി കഴിഞ്ഞവരും വർഷങ്ങളായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുമാണ്. ഭൂരിഭാഗവും വനിതകളാണ്. മാത്രമല്ല, പകരം യാതൊരു യോഗ്യതയുമില്ലാത്തവരെ നിയമിച്ച് യോഗ്യതയുള്ളവരെ ഒഴിവാക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ശക്തമായ സംഘടനകളുടെ അഭാവമാണ് മാനേജ്മെന്റുകൾക്ക് ഈ കൊടിയ ചൂഷണവും നിയമവിരുദ്ധ പ്രവർത്തനവും നടത്താൻ അവസരം നൽകുന്നത്. അൺ-എ

യ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കൂളുകളിൽ 11,97,622 വിദ്യാർത്ഥികൾ പഠിക്കുന്നുവെന്നാണ് കണക്ക്. ഇവിടെ എത്ര അദ്ധ്യാപകർ പഠിപ്പിക്കുന്നുവെന്നുള്ളതിന്റെ വ്യക്തമായ കണക്ക് വിദ്യാഭ്യാസ വകുപ്പിന്റെ കയ്യിലില്ല. വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരും ഇവിടെ പഠിപ്പിക്കുന്നുണ്ട്. പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ നിശ്ചിത യോഗ്യതയുള്ളവരും ഉയർന്ന ശമ്പളം ലഭിക്കാൻ അർഹതയുള്ളവരുമാണ് ഏറിയ പങ്കും. അൺ-എയ്ഡഡ് സ്കൂളിലെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 14 (എ)-ൽ വ്യക്തമാക്കിയിട്ടുണ്ട്. 14-02-2011-ലെ ജി.ഒ.(എം.എസ്) നമ്പർ 36/11 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം ഹെഡ്മാസ്റ്റർ 7,000, എച്ച്.എസ്.എ. 6,000, പ്രൈമറി ടീച്ചർ 5,000, ക്ലർക്ക് 4,000, പ്യൂൺ 3,500 എന്നീ നിരക്കുകളിലായിട്ടാണ് വേതനം നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഗവൺമെന്റ് നിശ്ചയിച്ച വേതനംപോലും നൽകാൻ സ്കൂൾ അധികൃതർ തയ്യാറാകുന്നില്ല. സമാനയോഗ്യതയുള്ള സർക്കാർ/എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ലഭിക്കുന്നതിന്റെ നാലിലൊന്ന് മാത്രമാണ് അൺ-എയ്ഡഡ് മേഖലയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്നുള്ള കാര്യവും നാം ഓർക്കേണ്ടതുണ്ട്. ഈ വേതനം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കാൻ തയ്യാറാകണം. അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് ഇതുവരെ ഗവൺമെന്റ് ഒരു ഉത്തരവും തയ്യാറാക്കിയിട്ടില്ല. യാതൊരു തീരുമാനവും

ഇക്കാര്യത്തിൽ വന്നിട്ടില്ല. ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ഗസ്റ്റ്/സീനിയർ അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി മേഖലയിൽ 600–ഉം ജൂനിയർ അദ്ധ്യാപകർക്ക് 500–ഉം ദിവസ വേതനം നൽകുന്നുണ്ട്. എന്നാൽ അൺ–എയ്ഡഡ് പ്ലസ് ടു–വിൽ അദ്ധ്യാപകർക്ക് മാസത്തിൽ ലഭിക്കുന്നത് മൂവായിരമോ നാലായിരമോ രൂപയാണ്. അൺ–എയ്ഡഡ് മേഖലയിൽ കേരളത്തിലെ പല യൂണിവേഴ്സിറ്റികളിലായി 208 ആർട്സ് ആന്റ് സയൻസ് കോളേജുകളാണുള്ളത്. ഉന്നതവിദ്യാഭ്യാസ വകുപ്പിനാകട്ടെ എത്ര കോളേജുകളുണ്ടെന്നോ എത്ര അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ടെന്നോ ഇവിടെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നോ ഉള്ളയാതൊരു കണക്കുകളുമില്ല. ഇവിടെ ലഭിക്കുന്നതാകട്ടെ 5,000–6,000 രൂപയാണ്. പല സ്ഥലങ്ങളിൽനിന്നും കൂടുതൽ തുക കാണിച്ച് ഒപ്പിട്ടുവാങ്ങിയും അതിന്റെ പകുതി മാത്രം ശമ്പളമായി നൽകുകയുമാണ് ചെയ്യുന്നത്. കേരളത്തിലെ നേഴ്സിംഗ് മേഖലയിലെ കൊടിയ ചൂഷണവും അന്യായവും അടിമ സമാനമായ തൊഴിൽ സാഹചര്യവും ഈ നാടിനെ ഞെട്ടിപ്പിച്ചുണർത്തിയത് സമീപ കാലത്താണ്. പൊതുവിൽ വലിയ സാമൂഹ്യ–രാഷ്ട്രീയ ജാഗ്രത കാണിക്കുന്നതിൽ അഭിമാനിക്കുന്ന കേരളത്തിലായിരുന്നു നേഴ്സിംഗ് രംഗത്തെ പീഡനത്തിന്റെ അറിയാക്കഥകൾ വലിയൊരു പൊട്ടിത്തെറിയിൽ എത്തിച്ചത്. സമാനമായൊരു അന്തരീക്ഷം ഇപ്പോൾ കാണുന്നത് അൺ–എയ്ഡഡ് മേഖലയിലാണ്. അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷിതത്വം

ഉറപ്പാക്കാനും അദ്ധ്യാപകരുടെ യോഗ്യത കർശനമാക്കാനും മാന്യമായ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കാനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. ഈ മേഖലയിലെ പതിനായിരക്കണക്കിന് വരുന്ന ജീവനക്കാരോട് നീതി പുലർത്തണമെന്ന വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. റ്റി.വി. രാജേഷ് ഇവിടെ എഴുതിത്തന്നിട്ടുള്ള കോളിംഗ് അറ്റൻഷന്റെ കാര്യത്തിൽ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് മാത്രമേ സൂചിപ്പിച്ചിട്ടുള്ളു. അദ്ദേഹം നിരവധി കാര്യങ്ങൾ പറഞ്ഞു, ബാക്കിയുള്ളവയൊക്കെ ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്. സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പ്രകാരം പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നേരിട്ട് നിയന്ത്രണമില്ല. ഇത് എല്ലാവർക്കും അറിവുള്ളതാണ്. എങ്കിലും കേരളാ വിദ്യാഭ്യാസ ചട്ടത്തിലെ അദ്ധ്യായം 14(എ)-ൽ, മെമ്പർ ഇവിടെ ഉദ്ധരിച്ച അൺ-എയ്ഡഡ് സ്കൂളുകളിലെ ശമ്പളം സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 14-02-2011-ലെ ജി.ഒ.(എം.എസ്) നമ്പർ 36/11 പ്രകാരം ഇറക്കിയിട്ടുണ്ട്. അതിലെ ശമ്പളത്തിന്റെ കണക്കും ബഹുമാന്യനായ മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സി.ബി.എസ്.ഇ., ഐ.സി.

എസ്.ഇ. സ്കൂളുകളുടെ കാര്യത്തിൽ ഇതുവരെ ഗവൺമെന്റിന് നിയന്ത്ര ണമുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ ഗവൺമെന്റ് സി.ബി.എസ്.ഇ., ഐ. സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചപ്പോൾ ബാക്കി കാര്യങ്ങളിലും സേവന-വേതന വ്യവസ്ഥകളെക്കുറിച്ചും മറ്റ് ഒരു പാട് നിബന്ധനകൾ വച്ചിട്ടുണ്ട്. ആ നിബന്ധനകളുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് വയ്ക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ എൻ.ഒ.സി. കൊടുക്കു ന്നുള്ളു. അതുപോലെതന്നെ സംസ്ഥാനത്തെ അൺ-എയ്ഡഡ് കോളേജു കളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനായി കേരള സർവ്വക ലാശാല വൈസ് ചാൻസലർ ചെയർമാനായും ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറ ക്ടർ, ഉന്നത വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി എന്നിവർ അംഗങ്ങ ളായുമുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനന്തര നടപടികൾ സ്വീകരി ക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള മറ്റ് കാര്യങ്ങളെ സംബന്ധിച്ച്, നമ്മുടെ സംസ്ഥാനത്ത് അൺ-എയ്ഡഡ് ആയി പ്രവർത്തി ക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങളുടെ സേവന-വേ തനം മാത്രമല്ല, അവിടെ പൊതുവായിട്ടുള്ള എല്ലാ കാര്യങ്ങളും സംബന്ധി

ച്ചുള്ള ഒരു സമഗ്രമായ പരിഷ്കരണം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. റ്റി.വി. രാജേഷ് : ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു കമ്മിറ്റി രൂപീകരിക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. യോഗ്യതയില്ലാത്ത അദ്ധ്യാപകരാണ് പലയിടത്തും പ്രവർത്തിക്കുന്നത്, ഇക്കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി.കെ. അബ്ദു റബ്ബ് : സർ, മെമ്പർ പറഞ്ഞതുപോലെ ധാരാളം കാര്യങ്ങൾ നടക്കുന്നുണ്ട്. അതൊന്നും നല്ല കാര്യങ്ങളല്ല എന്ന് ഗവൺമെന്റിന് ബോധ്യവുമുണ്ട്. പക്ഷേ നിലവിലുള്ള വ്യവസ്ഥയിൽ നമുക്ക് അതിനെ നിയന്ത്രിക്കാനും നടപടിയെടുക്കാനുമുള്ള പരിമിതികളുണ്ട്. ആ പരിമിതികൾ ഒഴിവാക്കാനാവശ്യമായ രീതിയിലുള്ള ഉത്തരവുകൾ ബന്ധപ്പെട്ട കമ്മിറ്റികൾ കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

## (2) വൈക്കം മുഹമ്മദ് ബഷീറിന് സ്മാരകം

ശ്രീ. ടി.എ. അഹ്മദ് കബീർ : സർ, മലയാളികൾക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഒരു കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകം പണിയുന്നതിന് മുൻഗവൺമെന്റ് ബഷീർ സാംസ്കാരിക സമിതി എന്ന പേരിൽ സാംസ്കാരിക വകുപ്പുമന്ത്രി ചെയർമാനും മലയാളത്തിന്റെ പ്രിയപ്പെട്ട എം.ടി. വാസുദേവൻ നായർ വൈസ് ചെയർമാനുമായി ഒരു സമിതി രൂപീകരിക്കുകയും അമ്പത് ലക്ഷത്തോളം രൂപ അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ അത് ഇതുവരെ നിലവിൽ വന്നില്ല. ഞാൻ ഇന്നലെ സർക്കാർ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഈ ഓർഡറിന്റെ കോപ്പി കിട്ടിയില്ല. കോഴിക്കോട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് അങ്ങനെയൊരു തീരുമാനമുണ്ടെന്നും ആ സ്ഥലം എടുക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നുവെന്നുമാണ്. ബഷീറിനെ സംബന്ധിച്ചിടത്തോളം നമുക്കറിയാം, നമ്മുടെ  സാംസ്കാരിക പ്രൗഢിയുടെ ഇമ്മിണി വലിയ പ്രതീകമായിരുന്നു ബഷീർ. സർഗ്ഗധനനായ ഒരാളിൽ സാമൂഹ്യ പ്രതിബദ്ധതയും പോരാട്ട വീര്യവും നർമ്മബോധവും ആത്മാർത്ഥതയും ശിൽപ്പമധുരമായി മേളിച്ചാൽ ആ ആൾരൂപമായിരുന്നു ബഷീറെന്ന് നമുക്കറിയാം. പ്രമേയത്തിലും  പ്രതിപാദ്യത്തിലും പ്രതിപാദന രീതിയിലും റിയലിസവും കാൽപ്പനികതയും അചുംബിതമായ അളവിൽ നിറച്ചുവെച്ച പ്രതിഭാശാലി

യായിരുന്നു ബഷീർ. അതുകൊണ്ടാണ് ബഷീർ കൃതികൾ കാൽപ്പനികത യുടെ പ്രകാശത്തിൽ മുങ്ങി നിൽക്കുന്ന റിയലിസ്റ്റ് കൃതികളാണെന്ന് എം. പി. പോളും പ്രൊഫ. കെ.എം. തരകനും സാനുമാഷും നമ്മോട് നിരന്തരം പറഞ്ഞുകൊണ്ടിരുന്നത്. ആഴിയുടെ ആഴവും ഗഹന ഗഹനതയും വനഗർഭങ്ങളും ഗിരിശൃംഗങ്ങളും മഹാനദികളുടെ ഉറവിട സ്ഥാനങ്ങളും നിറഞ്ഞ മനുഷ്യ ജീവിതം അടുത്തറിഞ്ഞ 'അ' മുതൽ 'അം' വരെ നമുക്ക് അനുഭവവേദ്യമാക്കിയ ഒരു മഹാനായ എഴുത്തുകാരനായിരുന്നു ബഷീർ. സമതലവും പീഠഭൂമിയും മരുഭൂമിയും കുന്നും കുഴിയും കടലും നദീതടവും ആത്മസുഹൃത്തുക്കളെപ്പോലെ ആ ജീവിതത്തെ സ്വാധീനി ച്ചത് അതുകൊണ്ടാണ്. മീനമാസച്ചൂടിലും മകരമാസ മഞ്ഞിലും ഇടവപ്പാ തിയിലെ പേമാരിയിലും കൂസലില്ലാതെ നടന്നുപോയ ആ ബഷീർ മലയാ ളികൾ അന്തംവിട്ട് നോക്കിനിൽക്കുന്ന മഹാനായ ഒരു എഴുത്തുകാരനാ ണെന്ന് നമുക്കറിയാം. കുട്ടിക്കാലത്തെ കിലുക്കാംപെട്ടിയായി, യൗവന സൂര്യന്റെ ചൂടിൽ തിളച്ചുമറിയുന്ന സ്വാതന്ത്ര്യസമര സേനാനിയായി, സൂഫിയായി, ഉന്മാദിയായി, പട്ടിണിയിൽ പിടയുന്ന ഫക്കീറായി ബഷീർ അലഞ്ഞ് നടന്ന ചിത്രം നമ്മുടെ നിനവുകളിൽ നിറഞ്ഞുനിന്ന് നിറകതിർ തൂവുകയാണ്. നൊമ്പരം കിനിയുന്ന ഇത്തരം നിരവധി തിക്താനുഭവങ്ങളി ലൂടെ നീറ്റിയെടുത്തതുകൊണ്ടാണ് അദ്ദേഹത്തിന്റെ കൃതികളത്രയും കറ യറ്റ കലയുടെ കനകശാലകളായി മാറിയത്. ബഷീർ സ്വന്തം ആത്മാവു കൊണ്ട് രൂപപ്പെടുത്തിയതായിരുന്നു അദ്ദേഹത്തിന്റെ കല. ആ കല

തന്നെയാണ് അദ്ദേഹത്തിന്റെ വ്യക്തിത്വവും. ബഷീർ കൃതികളിൽനിന്ന് ബഷീറിനെ അടർത്തി നിർത്താൻ കഴിയാത്തത് അതുകൊണ്ടാണ്. സ്വാനുഭവങ്ങൾക്ക് മനസ്സിന്റെ അന്തർമണ്ഡലങ്ങളിൽ രൂപം കൊടുക്കാൻ കഴിയുന്ന ആ വൈഭവം ഇന്നും നമ്മളെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബഷീർ കണക്കില്ലാതെ സ്വപ്നങ്ങൾ കണ്ടിരുന്നു, വിഭ്രാമകമായ സ്വപ്നങ്ങളും സാധാരണ സ്വപ്നങ്ങളും. എന്നാൽ ഉണർന്നിരുന്ന് തന്റെ ചുറ്റുപാടും ചടുലമായി നിരീക്ഷിക്കുന്ന ആ മനസ്സ് നിർവ്വചനങ്ങൾക്കോ പ്രവചനങ്ങൾക്കോ വഴങ്ങിത്തരാത്ത ഒന്നാണ്. അനനുകരണീയമായ ഈ രചനാശൈലി കാരണം പരിഭാഷകർ പലപ്പോഴും വഴിയറിയാതെ നിന്നുപോയിട്ടുണ്ടെന്ന് ബഷീറിന്റെ സ്വന്തം പരിഭാഷകനായ എ.ഇ. ആഷർ നമ്മളോട് പറഞ്ഞിട്ടുണ്ട്. തന്റെയും തന്റെ നാട്ടിൻപുറത്തിന്റെയും പ്രിയസഖാക്കളുടെയും കഥ പറയുന്നിടത്ത് പച്ചയായ നാടൻ സംഭാഷണ ശൈലിയും ഭാഷാപരമായ വ്യത്യാസങ്ങളുമാണ് നിറങ്ങളും നിറങ്ങളുടെ സംഗീതവുമായി പെയ്തിറങ്ങിയത്. മരണത്തിനുശേഷവും കേരളത്തെ കീഴടക്കി വച്ചിരിക്കുകയാണ് ആ കഥാകാരൻ. ആ കഥകളുടെ സംവേദനക്ഷമതയാണ് അതിന് കാരണം. സാധാരണക്കാരോടും സാഹിത്യവിമർശകരോടും വലിയ ബുദ്ധിജീവികളോടും ഒരുപോലെ സംവദിക്കുന്ന ഈ കഥകൾ ദീപ്തമായ നക്ഷത്ര ശോഭയാണ് നമ്മുടെ മുമ്പിൽ വിതറുന്നത്. കേരളത്തിന്റെ ജീവത്സാഹിത്യ പ്രസ്ഥാനവും പുരോഗമനസാഹിത്യ പ്രസ്ഥാനവും വിജയകരമായി ഉയിർ കൊടുത്ത നവജാഗരണത്തിന്റെ

ഭാഗമായി നിൽക്കുമ്പോഴും പ്രാസ്ഥാനികമായ ദുശ്ശാഠ്യങ്ങളിൽ ചെന്നുവീഴാതെ പിടിച്ചുനിൽക്കുന്ന മഹാ വ്യക്തിത്വമായിരുന്നു ബഷീർ എന്ന് കേരളം തിരിച്ചറിയുന്നുണ്ട്. സ്വസ്ഥത തേടിയലഞ്ഞ ബഷീർ പലപ്പോഴും അസ്വസ്ഥനായിരുന്നു. എന്നാൽ ഒന്നും തനിക്ക് ബോധ്യപ്പെടുന്നില്ല എന്ന കപടനാടകമാടാൻ ഒരിക്കലും തയ്യാറാകാത്ത പച്ചയായ മനുഷ്യനായിരുന്നു ബഷീർ. അതുകൊണ്ടാണ് ആകാശഗരിമയിൽ ഇടംതേടി ചിറകിട്ടടിച്ച് പറന്നുകൊണ്ടേയിരുന്നതും വൈദേശികമായ അധികാരി വർഗ്ഗത്തിന്റെ കാവലാളുകൾ പണിതുയർത്തിയ തടവറയിൽ കാരിരുമ്പിൻകൂട്ടിൽ കയറി ചിറകൊതുക്കി കിടന്നതും ആൾക്കൂട്ടത്തിൽ തനിയെ നടന്നതുമെന്ന് എനിക്കും നിങ്ങൾക്കും ബോധ്യമുള്ളതാണ്. ബഷീറും തകഴിയും ദേവും പൊൻകുന്നം വർക്കിയും ഉറൂബും എസ്. കെ. പൊറ്റക്കാടും അങ്ങനെ എത്രയോ പേർ ചേർന്ന ആ പൂപ്പന്തലിന്റെ തണലിലാണ് നമ്മുടെ സാംസ്കാരിക ഗരിമ ഗർവ്വോടെ തലയെടുത്ത് നിൽക്കുന്നത്. ബഷീർ എന്നും മലയാളികളുടെ അനിർവ്വചനീയമായ അനുഭവമായിരുന്നു. ജീവിച്ചിരുന്നപ്പോഴും അങ്ങനെയായിരുന്നു. മരണത്തിന് ശേഷവും അങ്ങനെതന്നെയാണ്. ബഷീർ നമ്മുടെ മനസ്സിന്റെ ബോധ–ഉപബോധ–അബോധ മണ്ഡലങ്ങളിൽ അഗ്നിനിറച്ച മഹാനായ കലാകാരനായിരുന്നു. തന്റെ പക്കൽ അനന്തമായ സമയം ഒട്ടും തന്നെയില്ല എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് നിസ്സഹയനായ മനുഷ്യന്റെ ദുസ്സഹമായ നേർക്കാഴ്ചയാണ് കാവ്യാത്മകമായി ബഷീർ അനാവൃതമാക്കിയത് എന്ന് നാം തിരി

ച്ചറിയണം. മുഴുവൻ ലോകത്തെയും സ്നേഹിക്കുകയെന്ന ബഷീറിയൻ എന്ന സന്ദേശം തന്റേതായ സവിശേഷമായ ശൈലിയിൽ എല്ലാ കൃതികളിലും കത്തുകളിലും പ്രകാശിപ്പിച്ച ആളാണ് ബഷീർ. അനന്തമായ പ്രാർത്ഥനയാണ് ജീവിതമെന്ന് അർത്ഥഗർഭമായി പറഞ്ഞുവച്ചിട്ടാണ് ഗദ്ഗദത്തിന്റെ തന്റെ ചെപ്പ് നമ്മെ ഏൽപ്പിച്ചുകൊണ്ട് ആ പഞ്ചവർണ്ണക്കിളി വർത്തമാനത്തിന്റെ കൂടുവിട്ട് പറന്നുപോയത്. ആ ബഷീറിന്റെ സ്മാരകം എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, മലയാള ഭാഷയ്ക്കും മലയാള നാടിനും ഒരിക്കലും വിസ്മരിക്കാൻ സാധിക്കാത്ത അനശ്വരനായ വൈക്കം മുഹമ്മദ് ബഷീറിന് ഒരു സ്മാരകം ഇനിയുമുണ്ടായിട്ടില്ല എന്നത് തീർച്ചയായും വലിയ ഒരു വീഴ്ച തന്നെയാണ്. ബഹുമാന്യനായ അഹ്മദ് കബീറിന്റെ അനർഗളമായ വാചകഭംഗിക്ക് അതേ രീതിയിൽ ഉത്തരം പറയാൻ കഴിയാത്ത പ്രയാസം എന്റെ മനസ്സിലുണ്ട്. ഇവിടെ അദ്ദേഹത്തിന്റെ വാഗ്ധോരണിയും വാചകഭംഗിയും ആശയങ്ങളും ഈ സഭയാകെ സാകൂതം കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ എല്ലാക്കാര്യങ്ങളും വളരെ പ്രസക്തമാണ്. ബാല്യകാല സഖി അടക്കമുള്ള ബഷീറിന്റെ കൃതികൾ ഈ സഭയിൽ എത്രയോ പ്രസംഗങ്ങളിൽ കടന്നുവരാറുണ്ട്. മലയാള ഭാഷയ്ക്ക് അദ്ദേഹത്തിന്റെ സംഭാവന ഒരിക്കലും

വിസ്മരിക്കാൻ കഴിയുകയില്ല. സാധാരണ ജീവിതരീതിയിൽ നിന്ന് അടർത്തിയെടുത്ത അദ്ദേഹത്തിന്റെ കഥാരൂപങ്ങളും കഥാശില്പങ്ങളും ഒരിക്കലും കേരളം വിസ്മരിക്കുകയില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടി ക്കാണിച്ചതുപോലെ വൈക്കം മുഹമ്മദ് ബഷീറിന് ഒരു സ്മാരകമുണ്ടാ ക്കാൻ വേണ്ടി കോഴിക്കോട് കോർപ്പറേഷൻ സൗജന്യമായി ഒരേക്കർ സ്ഥലം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാന്യനായ ഡോ. എം.കെ. മുനീർ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അത് സംബ ന്ധിച്ച് ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടില്ല എന്നാണ് അറിഞ്ഞത്. ഞാൻ ഇക്കാര്യം നഗരകാര്യ വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാം കുഴി അലി യോട് സംസാരിച്ചു. ഞങ്ങളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി തന്നെ ഇത് ചർച്ച ചെയ്ത് എത്രയുംവേഗം പരിഹാരമുണ്ടാക്കാനും സ്ഥലം എത്രയും വേഗം ലഭ്യമാക്കാനും അതിനുശേഷം അവിടെ സ്മാരകമുണ്ടാക്കാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഏറ്റവും വേഗത്തിൽ സാധ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ടി.എ. അഹ്മദ് കബീർ: സർ, നമ്മുടെ കലാമണ്ഡലത്തിന് വടക്ക് മലബാറിൽ കുട്ടികളെ സാഹിത്യ രംഗത്ത് പരിശീലിപ്പിക്കാനും മറ്റും കഴിയുന്ന ഒരു സാംസ്കാരിക സ്ഥാപനത്തിന്റെ അഭാവമുണ്ട്. അതുകൊണ്ട് ഈ ബഷീർ സ്മാരകം ഒരു മ്യൂസിയമാക്കി നിലവിലുള്ള കമ്മിറ്റി പുന:സംഘടിപ്പിക്കേണ്ടതാണെങ്കിൽ അത് പുന:സംഘടിപ്പിച്ച് മല ബാറിന്റെ സാഹിത്യ വാസനകളെ, കലാവാസനകളെ മുഴുവൻ പരിപോ

ഷിപ്പിക്കാൻ കഴിയുന്ന ഒരു വലിയ സാംസ്കാരിക കേന്ദ്രമാക്കി ഈ സ്ഥാപനത്തെ മാറ്റാൻ വേണ്ട നടപടി സ്വീകരിക്കുമെന്ന് എനിക്ക് ഉത്തമ വിശ്വാസമുണ്ട്. അതിനുവേണ്ടി താങ്കളോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: സർ, അതിൽ സഭയ്ക്ക് ഒരു സംശയവും വേണ്ട എത്രയുംവേഗം സ്ഥലം ലഭ്യമാക്കി ഏറ്റവും ഉചിതമായ ഒരു സ്മാരകമുണ്ടാക്കാൻ സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് ഉടനെ സ്വീകരിക്കുന്നതാണ്.

(സബ്മിഷൻ)

* * * * * * * * * * * * * * *